# യുപി വിഭാഗം അദ്ധ്യാപകർക്കുള്ള ഐസിടി ശാക്തീകരണ പരിപാടി

സയൻസ്

ആമുഖം

അവധിക്കാല അധ്യാപക പരിശീലനത്തെ തുടർന്ന് നടന്ന ജില്ലാതല വിശകലനത്തിൽ ഐ.സി.ടി. അധിഷ്ഠിത പഠന ബോധന സങ്കേതങ്ങളിൽ കൂടുതൽ പരിശീലനം അനിവാര്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഈ പരിശീലനം വിഭാവനം ചെയ്തിരിക്കുന്നത്. ജില്ലയിലെ മുഴുവൻ ശാസ്ത്രാധ്യാപകർക്കും ശാസ്ത്ര വിഷയങ്ങളിൽ ഉള്ളടക്കപരമായുള്ള ധാരണ വർധിപ്പിക്കുന്നതിനും, വിവിധ ശാസ്ത്രപ്രക്രിയാ ശേഷികൾ ക്ലാസ്റൂം വിനിമയത്തിൽ ഉറപ്പാക്കുന്നതിനും ഐ.സി.ടി. സങ്കേതങ്ങൾ ഫലപ്രദമാണ്. മിക്ക വിദ്യാലയങ്ങളിലും ഇതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടെങ്കിലും അധ്യാപികക്ക് അവ ആത്മവിശ്വാസത്തോടെ പഠനപ്രവർത്തനത്തിൽ ഇഴ ചേർക്കാൻ കഴിയുന്നില്ല എന്നത് അവധിക്കാല പരിശീലനത്തിൽ നിന്ന് തന്നെ ബോധ്യപ്പെട്ടിട്ടുണ്ട്. പാഠാസൂത്രണം, ക്ലാസ്റൂം വിനിമയം, വിലയിരുത്തൽ തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഐ.സി.ടി. നൈപുണികൾ ഓരോ അധ്യാപികക്കും ലഭ്യമാക്കിയാൽ മാത്രമേ അവ ആത്മവിശ്വാസത്തോടെ പ്രയോജനപ്പെടുത്താനാവൂ.

മലപ്പുറം ഡയറ്റിന്റെ നേതൃത്വത്തിൽ ഒരു ജില്ലാറിസോഴ്സ് ടീമിനെ സൃഷ്ടിക്കുകയാണ് 5 ദിവസത്തെ ഈ പരിശീലനത്തിലൂടെ. തുടർന്ന് സ്കൂൾ തലം വരെ മുഴുവൻ ശാസ്ത്രാധ്യാപകർക്കും സഹായകരമാകുന്ന രീതിയിൽ SSA, IT@School Project തുടങ്ങിയവയുടെ സേവനം കൂടി പ്രയോജനപ്പെടുത്തിയാണ് പരിശീലനം നടക്കുക. പ്രൈമറി മേഖലയിലെ പഠന-ബോധന പ്രക്രിയ മെച്ചപ്പെടുത്തുന്നതിന് വിഭവ ശേഖരണം , പങ്കുവെയ്ക്കൽ എന്നിവക്ക് ഊന്നൽ നൽകിക്കൊണ്ടാണ് പരിശീലന സെഷനുകൾ തയ്യാറാക്കിയിരിക്കുന്നത്. പരിശീലനത്തിന്റെ മുഖ്യ ഉദ്ദേശ്യങ്ങൾ താഴെ നൽകിയിരിക്കുന്നു.

Ict training

- അവധികാല അധ്യാപക ശാക്തീകരണത്തിന്റെ തുടർച്ചയായി യുപി വിഭാഗം ശാസ്ത്രഅധ്യാപകരുടെ ഐസിടി സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന്.
- ക്ലാസ് റൂം വിനിമയത്തിൽ പാഠാസൂത്രണം , പഠനപ്രക്രിയ, വിലയിരുത്തൽ എന്നിവയിൽ ഐസിടി സാധ്യതപ്രയോജനപ്പെടുത്തുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്.
- ബോധനപ്രക്രിയയുമായി ബന്ധപ്പെട്ട് ഡിജിറ്റൽ സാമഗ്രികൾ വികസിപ്പിക്കുന്നതിനും , പങ്കുവെക്കുന്നതിനും പ്രാപ്തരാക്കുന്നതിന്.
-

ഒന്നാം ദിവസം
സെഷൻ ഒന്ന് : 9.30 – 10.30

രജിസ്ട്രേഷൻ
ഉദ്ഘാടനം

കോഴ്സ് ബ്രീഫിംഗ്

സെഷൻ രണ്ട് : 10.30 – 1.30

ഐ.സി.ടി മുൻധാരണകൾ പുതുക്കൽ

Ict training

താഴെപറയുന്ന പ്രവർത്തനങ്ങളിലൂടെ പഠിതാക്കളുടെ മുൻധാരണകൾ പരിശോധിക്കുന്നു. ( RP വർക്ക് ഷീറ്റ് അഞ്ച് ഗ്രൂപ്പുകൾക്കും നല്കി പ്രസ്തുത ചിത്രം ഏതെങ്കിലും ഒരു സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ചിത്രം വരച്ച് സേവ് ചെയ്യാൻ ആവശ്യപ്പെടുന്നു.)

- സൂര്യഗ്രഹണം , ചന്ദ്രഗ്രഹണം , വിത്ത് മുളക്കൽ (ഏതെങ്കിലും ഒരു ഘട്ടം) , കോണളവും പ്രതിബിംബവും, ദ്രവങ്ങളുടെ താപീയവികാസം.
- 5, 6, 7 ക്ലാസുകളിൽ നിന്നുള്ള യൂണിറ്റുകളടങ്ങിയ സ്ലിപ്പ് ഓരോ ഗ്രൂപ്പിനും നല്കുന്നു. ഓരോ ഗ്രൂപ്പിനോടും ഇഷ്ടപ്പെട്ടവിഷയത്തെകുറിച്ച് വർക്ക് ഷീറ്റ്  ഓപ്പൺ ഓഫീസ് റൈറ്ററിൽ തയ്യാറാക്കാനാവശ്യപ്പെടുന്നു.(മാതൃക RP കാണിക്കുന്നു)
- 5, 6, 7 ക്ലാസുകളിൽ നിന്നുള്ള യൂണിറ്റുകളടങ്ങിയ സ്ലിപ്പ് ഓരോ ഗ്രൂപ്പിനും നല്കുന്നു. ഓരോ ഗ്രൂപ്പിനോടും ഇഷ്ടപ്പെട്ടവിഷയത്തെകുറിച്ച് മൂന്ന് സ്ലൈഡുകളുള്ള പ്രസൻന്റേഷൻ തയ്യാറാക്കി സേവ് ചെയ്യാനാവശ്യപ്പെടുന്നു.
- ഓപ്പൺഓഫീസ് കാൽക്കിൽ തയ്യാറാക്കിയ ഒരു പട്ടിക പഠിതാക്കൾക്ക് നല്കി Total , കണ്ടെത്തി പട്ടികയെ അവരോഹണക്രമത്തിലാക്കി സേവ് ചെയ്യാനാവശ്യപ്പെടുന്നു.
- ഉബുണ്ടുവിലെ മീഡിയാപ്ലേയറുകൾ പരിചയപ്പെടുത്തൽ.
  വിഡിയോ സിഡി , വീഡിയോ ഫയൽ , ഓഡിയോ ഫയൽ , എന്നിവ വ്യത്യസ്ത മീഡിയാപ്ലേയറുകൾ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നു.
- വിലയിരുത്തൽ സൂചകങ്ങളടങ്ങിയ ഷീറ്റ് പഠിതാക്കൾക്ക് നല്കി പൂരിപ്പിച്ച് വാങ്ങുന്നു.

1.30 – 2.00 ബ്രേക്ക്

സെഷൻ മൂന്ന് 2.00 – 4.00
പരിഹാര ബോധനം : RP ചെയ്യേണ്ടത്
ഓരോ ഗ്രൂപ്പിൽ നിന്ന് ഏതെങ്കിലും ഒരു മെച്ചപ്പെട്ട product തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു. അത് മെച്ചപ്പെടുത്താനുള്ള വഴികൾ RP വിശദീകരിക്കുന്നു.

രണ്ടാം ദിവസം:
സെഷൻ നാല് 10.00 – 1.30-ടീച്ചിംഗ് മാന്വൽ തയ്യാറാക്കൽ
കീബോർഡ് പരിചയപ്പെടുത്തൽ
മലയാളം കീബോർഡ് ലേഔട്ട് ഓരോഗ്രൂപ്പിനും നല്കുന്നു.

അഞ്ചാം ക്ലാസിലെ കണ്ടും കേട്ടും എന്ന അധ്യായത്തിന്റെ ടീച്ചിംഗ് മാന്വൽ ഓരോ ഗ്രൂപ്പിനും നല്കുന്നു. നല്കിയ ഭാഗം ഓപ്പൺഓഫീസ് റൈറ്ററിൽ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. തയ്യാറാക്കിയവ സേവ് ചെയ്യാനാവശ്യപ്പെടുന്നു.

സെഷൻ അഞ്ച് 2.00 – 4.00
ടീച്ചിംഗ് മാന്വൽ ആകർഷകമാക്കുന്നതിനുള്ള വിവിധ മാർഗങ്ങൾ
ഓപ്പൺ ഓഫീസ് റൈറ്ററിലെ കൂടുതൽ ടൂളുകളെ Rp പരിചയപ്പെടുത്തുന്നു.
Insert image
Insert table
character formatting
page formatting
export to pdf
നേരത്തെ ടൈപ്പ്ചെയ്ത ടീച്ചിംഗ് മാന്വലിനെ നിശ്ചിത മാതൃകയിലേതുപോലെ ആകർഷകമാക്കുന്നു

മൂന്നാം ദിവസം
സെഷൻ അഞ്ച് 10.00 – 1.30 – കൊളാഷ് നിർമ്മാണം

Ict training

RP മാതൃകാ കൊളാഷ് കാണിക്കുന്നു. 2011 രസതന്ത്രവർഷവും വനവർഷവും വവ്വാൽ വർഷവുമാണല്ലോ. ഇവയുടെ സന്ദേശം ഉൾക്കൊള്ളുന്ന ഒരു കൊളാഷ് ജിമ്പ് ഇമേജ് എഡിറ്റിംഗ് സോഫ്റ്റ്‌വെയർ നിർമ്മിക്കാനാശ്യപ്പെടുന്നു.
ജിമ്പിൽ കൊളാഷ് നിർമ്മിക്കുന്നത് RP അവതരിപ്പിക്കുന്നു.
പരിചയപ്പെടുത്തേണ്ട മേഖലകൾ

- ക്യാൻവാസ്
- ടൂൾബോക്സ്
- ചിത്രം ഉൾപ്പെടുത്തൽ
- Resize, crop
- Layer
- Export

സെഷൻ ആറ് 2.00 – 4.00
റിസോഴ്സ് തയ്യാറാക്കൽ - ഓഡിയോ വീഡിയോ എഡിറ്റിംഗ്
ആറാം ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് 'വിത്തിനകത്തൊളിച്ചീ ഞാൻ' എന്ന വീഡിയോയിൽ നിന്നും ചെറിയ ഒരു ഭാഗം വീഡിയോ എഡിറ്റിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മുറിച്ചെടുത്ത് അനുയോജ്യമായ ശബ്ദം നൽകി സേവ് ചെയ്യുന്ന പ്രവർത്തനം RP നൽകുന്നു. ഓരോ ഗ്രൂപ്പും ഈ പ്രവർത്തനം ചെയ്യുന്നു.

പരിചയപ്പെടുത്തുന്ന സോഫ്റ്റ്‌വെയറുകൾ- ടൂളുകൾ

Openshot Video Editor
- Import video
- Split Video/Resize Video

Remove Video
Import audio
Remove audio from the clip
Simple Titles
Export

Audacity
- Import audio
- Simple Editing(Split, copy, paste, delete,traks)
- Sound Recording
- Export

നാലാം ദിവസം
സെഷൻ ഏഴ് -റിസോഴ്സ് ഷെയറിംഗ്
10.00 – 1.30
പഠിതാക്കൾ തയ്യാറാക്കിയ ടീച്ചിംഗ് മാന്വൽ http://depssa.ignou.org എന്ന വിക്കി പേജിൽ അപ്‌ലോഡ് ചെയ്യുന്ന പ്രവർത്തനം Rp പരിചയപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പും ഈ പ്രവർത്തനം ചെയ്യുന്നു.
പരിചയപ്പെടുത്തേണ്ട മേഖലകൾ

- എന്താണ് വിക്കി ?
- മറ്റ് വിക്കി റിസോഴ്സുകൾ
- വിക്കി യൂസർപേജ് നിർമ്മാണം
- ടെക്സ്റ്റ് , ചിത്രം , വീഡിയോ ഉൾപ്പെടുത്തൽ
- ടെക്സ്റ്റ് ഫോർമാറ്റിംഗ്
- പി.ഡി.എഫ്. ഫയലുകൾ അപ്‌ലോഡ് ചെയ്യൽ, ഡൗൺലോഡ് ചെയ്യൽ

Ict training

- മറ്റ് വെബ്പേജുകൾ , ഓൺലൈൻ ഫയലുകൾ എന്നിവയിലേക്ക് ലിങ്ക് ചെയ്യൽ

സെഷൻ എട്ട്- ഡിജിറ്റൽ ടി.എം.വിക്കി പേജിൽ
2.00 – 4.00

ഓരോ ഗ്രൂപ്പും അവരവരുടെ വിക്കിപേജ് തയ്യാറാക്കി ടി.എം, സപ്പോർട്ടിംഗ് മെറ്റീരിയലുകൾ എന്നിവ അവരവരുടെ വിക്കി പേജിലേക്ക് അപ്ലോഡ് ചെയ്യുന്നു. മറ്റ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ പങ്ക് വെക്കുന്നു.

അഞ്ചാം ദിവസം
സെഷൻ ഒമ്പത് - ഐ.സി.ടി. സാധ്യതകളെ പരിചയപ്പെടൽ
10.00 – 11.00

Multimedia learning മെറ്റീരിയലുകളുടെ ക്ലാസ്സ് റൂം സാധ്യതകൾ വിലയിരുത്തുന്നതിനുള്ള ഫോർമാറ്റ് RP വിതരണം ചെയ്യുന്നു.

തുടർന്ന് Kstar ഉപയോഗിച്ച് 15/01/2010 , 1 pm ന് മലപ്പുറത്ത് നിന്ന് ദൃശ്യമായ സൂര്യഗ്രഹണം RP പ്രദർശിപ്പിക്കുന്നു.
പങ്കാളികൾ ഫോർമാറ്റ് പൂരിപ്പിക്കുന്നു
അവതരണം(Random)
RP യുടെ ക്രോഡീകരണം.

സെഷൻ പത്ത്
11.00- 3.00

5,6,7 ക്ലാസുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗിക്കാവുന്ന , ഐ.ടി.@.സ്കൂൾ ഉബുണ്ടുവിൽ ലഭ്യമായ ഐ.സി.ടി. ടൂളുകളെ (സോഫ്റ്റ്‌വെയറുകൾ, അനിമേഷനുകൾ, അപ്ലെറ്റുകൾ, സിമുലേഷനുകൾ,ഗെയിമുകൾ ) പഠിതാക്കൾ കണ്ടെത്തി ലിസ്റ്റ് ചെയ്ത് അവതരിപ്പിക്കുന്നു.

പരിചയപ്പെടേണ്ട സോഫ്റ്റ്‌വെയറുകൾ
- Gcompris
- Phet
- Kstar
- Kalzium
- Gperiodic
- Marble

സെഷൻ പതിനൊന്ന് - കോഴ്സ് ഇവാല്യുവേഷൻ
3.00- 4.30

ഇവാല്യുവേഷൻ ഫോർമാറ്റ് പൂരിപ്പിക്കൽ
കോഴ്സ് സമാപനം

Ict training